**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 59** **28-06-2022 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന് ദേശീയ അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിന് സഹകരണ മേഖലയിലെ പ്രവർത്തന മികവിന് ദേശീയ അവാർഡ് നേടാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവർത്തന മികവാണ് അവാർഡിനർഹമാക്കിയത് എന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. കേന്ദ്ര സംസ്ഥാന സഹകരണ ബാങ്കുകളുടെ വികസനം, പ്രത്യേകിച്ച് സഹകരണ മേഖലയിലെ വായ്പാ വിതരണത്തിന്റെ വളർച്ച ലക്ഷ്യമാക്കിയാണ് സംസ്ഥാന സഹകരണ ബാങ്കുകളുടെ അപ്പെക്സ് ഫെഡറേഷൻ ആയ NAFSCOB ന്റെ പ്രവർത്തനം. 1964 ൽ സ്ഥാപിതമായ സംഘടന 1982-83 മുതൽ സഹകരണ ബാങ്കിംഗ് രംഗത്തെ മികവിന് വിവിധ മേഖലയ്ക്ക് അവാർഡ് നല്കുന്നുണ്ട്.<br><br>സഹകരണ മേഖലയിൽ നിലനിന്നിരുന്ന ത്രിതല സംവിധാനത്തിനു പകരം ഗ്രാമീണ ജനതയ്ക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ദ്വിതല സംവിധാനം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം, വിവേകപരമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതിക വിദ്യയിലും കമ്പ്യൂട്ടറൈസേഷനിലും ഉണ്ടായ നേട്ടങ്ങൾ, നേതൃത്വപാടവം തുടങ്ങിയവ പരിഗണിച്ചാണ് പ്രവർത്തന മികവിനുള്ള പ്രഥമ സ്ഥാനം കേരള ബാങ്കിന് ദേശീയതലത്തിൽ ലഭിച്ചത്. |
| (ബി) | സംസ്ഥാനത്തെ ജനങ്ങളുടെ സമ്പാദ്യം പൊതുവികസനത്തിനായി വഴിതിരിച്ചു വിടുന്നതിൽ കേരള ബാങ്കിന് നേട്ടം കൈവരിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള ബാങ്കിന്റെ 769 ശാഖകളിലൂടെ 40000 കോടിയിലധികം രൂപ വായ്പ നൽകിയിട്ടുണ്ട്. കാർഷികേതര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രാഥമിക സംഘങ്ങളിലൂടെ സമഗ്ര എന്ന പേരിൽ പ്രത്യേക വായ്പ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി PACS as MSC എന്ന പദ്ധതിയും നടപ്പാക്കി വരുന്നു. |
| (സി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും വായ്പാ സംഘങ്ങളുടെയും പ്രവർത്തന സുസ്ഥിരത ഉറപ്പാക്കുന്നതിനും ആധുനികീകരണത്തിനും ദിശാബോധത്തോടെയുള്ള വൈവിധ്യവൽക്കരണത്തിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും സർക്കാർ ഓഹരി അനുവദിക്കുന്നതിനും, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിലായി 20.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പയുടെ പലിശ സബ്സിഡി അനുവദിക്കുന്നതിനും, വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പയുടെ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ വികസനവും വൈവിദ്ധ്യവത്കരണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും സാധ്യതയുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ, പ്രോജക്ട് തുകയുടെ 50% തുക സബ്സിഡി, ഓഹരി, വായ്പ ഇനങ്ങളിലായി അനുവദിക്കുന്നുണ്ട്. ഇത് കൂടാതെ പുനരുദ്ധാരണത്തിന് സാധ്യതയുള്ള സംഘങ്ങൾക്കും, സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ, പ്രോജക്ട് തുകയുടെ 65% തുക സബ്സിഡി, ഓഹരി, വായ്പ ഇനങ്ങളിലായി ധനസഹായം അനുവദിക്കുന്നുണ്ട്. ടി രണ്ട് പദ്ധതികളുടെ നടത്തിപ്പിനായി, 2022-23 ലെ വാർഷിക ബഡ്ജറ്റിൽ 750.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന **1607** പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ **Request for Proposal (RFP)** തയ്യാറാക്കുകയും, പ്രസ്തുത **RFP** അംഗീകരിക്കുകയും **18.12.2021** ന് **RFP** ഇ-ടെണ്ടർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. 2019-20 വർഷത്തെ ദ്വിതല ഘടനയിലെ സംസ്ഥാന സഹകരണ ബാങ്കുകൾക്കുള്ള **Overall Best Performance** നുള്ള ഒന്നാം സ്ഥാനമാണ് ലഭിച്ചത്. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് **(NAFSCOB)** ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. കേന്ദ്ര സംസ്ഥാന സഹകരണ ബാങ്കുകളുടെ വികസനം, പ്രത്യേകിച്ച് സഹകരണ മേഖലയിലെ വായ്പാ വിതരണത്തിന്റെ വളർച്ച ലക്ഷ്യമാക്കിയാണ് സംസ്ഥാന സഹകരണ ബാങ്കുകളുടെ അപ്പെക്സ് ഫെഡറേഷൻ ആയ **NAFSCOB** ന്റെ പ്രവർത്തനം. 1964 ൽ സ്ഥാപിതമായ ഈ സംഘടന 1982-83 മുതൽ സഹകരണ ബാങ്കിംഗ് രംഗത്തെ മികവിന് വിവിധ മേഖലയ്ക്ക് അവാർഡ് നല്കുന്നുണ്ട്.

സഹകരണ മേഖലയിൽ നിലനിന്നിരുന്ന ത്രിതല സംവിധാനത്തിനു പകരം ഗ്രാമീണ ജനതയ്ക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ദ്വിതല സംവിധാനം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം, വിവേകപരമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതിക വിദ്യയിലും കമ്പ്യൂട്ടറൈസേഷനിലും ഉണ്ടായ നേട്ടങ്ങൾ, നേതൃത്വപാടവം തുടങ്ങിയവ പരിഗണിച്ചാണ് പ്രവർത്തന മികവിനുള്ള പ്രഥമ സ്ഥാനം കേരള ബാങ്കിന് ദേശീയതലത്തിൽ ലഭിച്ചത്

കേരള ബാങ്കിന്റെ 769 ശാഖകളിലൂടെ 40000 കോടിയിലധികം രൂപ വായ്പ നൽകിയിട്ടുണ്ട്. കാർഷികേതര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രാഥമിക സംഘങ്ങളിലൂടെ സമഗ്ര എന്ന പേരിൽ പ്രത്യേക വായ്പ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി PACS as MSC എന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും സർക്കാർ ഓഹരി അനുവദിക്കുന്നതിനും, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഓഹരി, സബ്സിഡി, വായ്പ എന്നി ഇനങ്ങളിലായി 20.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പയുടെ പലിശ സബ്സിഡി അനുവദിക്കുന്നതിനും, വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പയുടെ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനുമുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ വികസനവും വൈവിദ്ധ്യവത്കരണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, സഹകരണ സംഘങ്ങൾ

സമർപ്പിക്കുന്ന വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും സാധ്യതയുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ, പ്രോജക്ട് തുകയുടെ 50% തുക സബ്സിഡി, ഓഹരി, വായ്പ ഇനങ്ങളിലായി അനുവദിക്കുന്നുണ്ട്. ഇത് കൂടാതെ പുനരുദ്ധാരണത്തിന് സാധ്യതയുള്ള സംഘങ്ങൾക്കും, സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ, പ്രോജക്ട് തുകയുടെ 65% തുക സബ്സിഡി, ഓഹരി, വായ്പ ഇനങ്ങളിലായി ധനസഹായം അനുവദിക്കുന്നുണ്ട്. ടി രണ്ട് പദ്ധതികളുടെ നടത്തിപ്പിനായി, 750.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന **1607** പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും**,** കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്**.** ഇതിലേക്കായി പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി**,** ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ **Request for Proposal (RFP)** തയ്യാറാക്കുകയും**,** പ്രസ്തുത RFP അംഗീകരിക്കുകയും 18.12.2021 ന് RFP ഇ–ടെണ്ടർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്**.** ടെണ്ടർ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു**.**